**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 244** **27-01-2026 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി ആരോഗ്യവകുപ്പ് മുഖേന പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും അതിന്റെ നിലവിലെ സ്ഥിതിയും 2021-22 മുതൽ 2025-26 വരെ ഓരോ സാമ്പത്തിക വർഷം തിരിച്ച് വിവരങ്ങൾ വിശദമാക്കാമോ; | (എ) | മറുപടി അനുബന്ധം 1- ആയി ചേർത്തിട്ടുണ്ട് |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആരോഗ്യസ്ഥാപനങ്ങളിൽ പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചതെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ? | (ബി) | മറുപടി അനുബന്ധം 2-ായി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**(എ)** -ഈ സർക്കാർ (2021-26) അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വിപുലമായ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. സ്ഥാപനം തിരിച്ചുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്:

**1) താലൂക്ക് ആശുപത്രി പയ്യന്നൂർ** - ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിഫ് ബി ഫണ്ട് 104 കോടി രൂപ ചെലവഴിച്ച് ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പുതിയ കാഷ്വാലിറ്റി (CASUALITY) കെട്ടിടത്തിന്റെ നിർമ്മാണവും, പഴയ കെട്ടിടങ്ങളുടെ നവീകരണപ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതി പൂർത്തിയായിട്ടുണ്ട്. (2021- 22)

**2) താലൂക്ക് ആശുപത്രി, പെരിങ്ങോം**

ആശുപത്രി കെട്ടിട നിർമ്മാണം: നബാർഡ് (NABARD-RIDF) ഫണ്ട് ഉപയോഗിച്ച് 12 കോടി രൂപ ചെലവിൽ താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നു. ഇതിന്റെ ഒന്നാം ഘട്ടം 2022-23 സാമ്പത്തിക വർഷത്തിൽ പൂർത്തിയായി. (2022-23)

**3) പി.എച്ച്.സി പുളിങ്ങോം** - 15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിൽ വകയിരുത്തി 55.50 ലക്ഷം രൂപ ചെലവിൽ മെയിൻ സെന്റർ കെട്ടിടത്തിന്റെ (Main Centre Building) നിർമ്മാണം പൂർത്തീകരിച്ചു. (2025-26)

**4) എഫ്.എച്ച്.സി എരമം കുറ്റൂർ** - ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 2024-25, 2025-26 വർഷങ്ങളിലായി തുക വകയിരുത്തിയിട്ടുണ്ട് (യഥാക്രമം 7 ലക്ഷം, 3 ലക്ഷം രൂപ) . കുറ്റൂർ HWC നവീകരണം, ഓഫീസ് കെട്ടിട നവീകരണം എന്നിവയാണ് പ്രധാന പ്രവൃത്തികൾ. ഇവ പൂർത്തിയായിട്ടുണ്ട്. (2024-25, 2025-26)

**5) സി.എച്ച്.സി കരിവെള്ളൂർ** - വിവിധ ഘട്ടങ്ങളിലായി അടിസ്ഥാനസൗകര്യ വികസനത്തിന് ഊന്നൽ നൽകി. വേസ്റ്റ് പിറ്റ് നിർമ്മാണം, കോൺഫറൻസ് ഹാൾ വയറിംഗ്, അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കൽ, നിലവിലുള്ള കെട്ടിടത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, എപ്പിഡെമിയോളജിസ്റ്റ്/ ഡാറ്റാ മാനേജർ എന്നിവർക്കുള്ള ഓഫീസ് സൗകര്യം ഒരുക്കൽ, സെപ്റ്റിക് ടാങ്ക് അറ്റകുറ്റപ്പണി എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2022-23 മുതൽ 2025-26 വരെയുള്ള കാലയളവിലായി ഏകദേശം 39 ലക്ഷത്തിലധികം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. (2022-23 & 2025-26)

**6) എഫ്.എച്ച്.സി എട്ടിക്കുളം-** 15-മത്തെ ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് 55.50 ലക്ഷം രൂപ ചെലവിൽ HWC മെയിൻ സെന്ററിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നു. ഇതിന്റെ പ്രവൃത്തികൾ നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. (2024-25).

**7) യു.പി.എച്ച്.സി മുത്തത്തി -** എം.എൽ.എ (MLA) ഫണ്ട് ഉപയോഗിച്ച് യു.പി.എച്ച്.സി മുത്തത്തിക്കായി പുതിയ കെട്ടിടം നിർമ്മിച്ചു. ഈ പദ്ധതി പൂർത്തികരിച്ചു. (2021-22)

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-2**

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആരോഗ്യസ്ഥാപനങ്ങളിൽ സൃഷ്ടിച്ച തസ്തികകൾ ചുവടെചേർക്കുന്നു.**

| | | |
|---|---|---|
| പയ്യന്നൂർ താലൂക്കാശുപത്രി | 2025 | JC General Medicine - 1<br>JC Radiodiagonosis- 1 |
| പെരിങ്ങോം താലൂക്കാശുപത്രി | 2021 | Nursing officer- 5<br>Clerk- 1 |
| | 2025 | JC General Medicine- 1<br>Casuality Medical Officer- 4 |
| പുളിങ്ങോം പി. എച്ച്. സി | 2025 | Pharmacist- 1<br>Lab Technician - 1 |
| എരമംകുറ്റൂർ എഫ്. എച്ച്. സി | 2025 | Nursing officer Gr2- 1 |
| | ആകെ തസ്തികകൾ | 16 |

സെക്ഷൻ ഓഫീസർ